പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 588 19.03.2013 ലെ മറുപടിയ്ക്ക്

സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ

| | ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ എത്ര സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | തൃശ്ശൂർ ജില്ലയിൽ മണിലെന്റിംഗ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 1950 സ്ഥാപനങ്ങളാണ് ഉള്ളത്. |
| (ബി) | അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളെയും വ്യക്തികളെയും നിയന്ത്രിക്കാൻ എന്ത് നിയമമാണ് നിലവിലുള്ളത്; | (ബി) | കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട്, കേരള മണിലെൻഡേഴ്സ് ആക്ട്, 1958 എന്നീ നിയമങ്ങൾ നിലവിലുണ്ട്. |
| (സി) | ഇത് നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ ആരാണ്; | (സി) | വാണിജ്യനികുതിവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണി ലെൻഡേഴ്സ് ആക്ട്, 1958 പ്രകാരം വാണിജ്യ നികുതിവകുപ്പിലെ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർമാരാണ് ലൈസൻസിങ് അതോറിറ്റി. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ടിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ച് അമിത പലിശ ഈടാക്കുന്ന മണി ലെന്റേഴ്സ് ഉൾപ്പെടെ ഏതൊരാളിനും, കുറ്റ സ്ഥാപനത്തിന്മേൽ മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും ശിക്ഷ ലഭിക്കുന്നതാണ്. അമിത പലിശ |

| | | | |
|---|---|---|---|
| | | | ഈടാക്കൽ നിരോധന നിയമത്തിലെ കുറ്റങ്ങൾ ക്രിമിനൽ കുറ്റങ്ങളാണ്. ഇത് കോടതി മുഖാന്തിരം തീർപ്പ് കൽപ്പിക്കേണ്ടതാണ്. |
| (ഡി) | ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽചെന്ന് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നവരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | കേരള സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതും നിരോധിച്ചിട്ടുണ്ട്. കടുത്ത ശിക്ഷ വ്യവസ്ഥചെയ്യുന്ന കേരള പ്രൊഹിബിഷൻ ഓഫ് ചാർജ്ജിംഗ് എക്സ്കോർബിറ്റന്റ് ഇന്ററസ്റ്റ് ആക്ട് 2012 എന്ന നിയമം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.